Jagratha -061

Vol-II, Issue: 27
22- 08 - 2008

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# ജാഗ്രത

**പ്രധാനവാർത്തകൾ**

*01. ഫാ. തോമസ് പാണ്ടിപ്പിള്ളി ക്രൈസ്തവ പീഢനത്തിന്റെ രക്തസാക്ഷി : കെ.സി.ബി.സി*
*02. മിഷണറിമാരുടെ ജീവന് സംരക്ഷണം നൽകണം : ഐക്യ-ജാഗ്രതാ കമ്മീഷൻ*
*03. സഭയെ കരിതേയ്ക്കാൻ രാഷ്ട്രീയ ഗൂഢാലോചന സജീവം : കൊല്ലം രൂപത*
*04. സിസ്റ്റർ അനൂപയുടെ മരണത്തിൽ അധികാരകേന്ദ്രങ്ങൾ അമിതാവേശം കാണിക്കുന്നു : ഐക്യ-ജാഗ്രതാ കമ്മീഷൻ*
*05. ആരോപണങ്ങൾ അടിസ്ഥാനരഹിതം: സിസ്റ്റർ സുപ്പീരിയർ*
*06. കെ.സി.ബി.സി യോഗ തീരുമാനങ്ങൾ 08-08-2008*

## 01. ഫാ.തോമസ് പാണ്ടിപ്പിള്ളി ക്രൈസ്തവ പീഡനത്തിന്റെ രക്തസാക്ഷി: കെ.സി.ബി.സി

ആന്ധ്രാപ്രദേശിലെ ബുർഗിദ ഗ്രാമത്തിൽ മലയാളി വൈദികനായ ഫാ. തോമസ് പാണ്ടിപ്പിള്ളി അതിക്രൂരമായി കൊല്ലപ്പെട്ട സംഭവത്തിൽ കേരള കത്തോലിക്കാ ബിഷപ് സമിതി (കെ.സി.ബി.സി.) അതീവദുഃഖവും നടുക്കവും രേഖപ്പെടുത്തി. ആസൂത്രിത കൊലപാതകത്തെക്കുറിച്ച് ആന്ധ്രാപ്രദേശ് സർക്കാർ സമഗ്ര അന്വേഷണം നടത്തണമെന്നും കുറ്റകൃത്യം ചെയ്തവരെ നിയമത്തിനു മുന്നിൽ കൊണ്ടുവരണമെന്നും മെത്രാൻ സമിതി ആവശ്യപ്പെട്ടു. മനുഷ്യ മനസ്സാക്ഷിയെ ഞെട്ടിപ്പിക്കുന്ന രീതിയിലുള്ള കൊലപാതകമാണ് നടന്നിരിക്കുന്നത്. അതിക്രൂരമായ രീതിയിൽ നടത്തിയ കൊലപാതകം ക്രൈസ്തവമിഷണറിമാർക്കെതിരേയുള്ള പീഡനപരമ്പരകൾക്ക് മറ്റൊരു ഉദാഹരണം കൂടിയാണ്. ഭാരതത്തിൽ നടന്നു കൊണ്ടിരിക്കുന്ന ക്രൈസ്തവപീഡനത്തിന്റെ മറ്റൊരു രക്തസാക്ഷിയാണ് ഫാ. തോമസ് പാണ്ടിപ്പിള്ളിയെന്നും കെ.സി.ബി. സി. പറഞ്ഞു. സാമൂഹനന്മ മാത്രം കാംക്ഷിക്കുന്ന ക്രൈസ്തവമിഷണറിമാർക്കതിരേയുള്ള പീഡനം വർധിച്ചുവരികയാണെന്ന് ബിഷപ് സമിതി കുറ്റപ്പെടുത്തി. സാമൂഹ്യ ഉന്നമനത്തിനായി പ്രവർത്തിക്കുന്നവരെ ശാരീരികവും മാനസികവുമായി പീഡിപ്പിക്കുക, അവരുടെ സ്ഥാപനങ്ങളും സമ്പത്തും നശിപ്പിക്കുക, കള്ളക്കേസുകളിൽ കുടുക്കുക, അവരുടെ ജീവനു തന്നെ ഭീഷണിയുണ്ടാക്കുക ഇവയൊക്കെവർധിച്ചുവരുകയാണ്. പ്രേഷിതപ്രവർത്തനത്തിന്റെ രക്തസാക്ഷിയായ ഫാ.തോമസ് പാണ്ടിപ്പിള്ളിയുടെ കുടുംബാംഗങ്ങൾക്കും സി.എം.ഐ. സഭാസമൂഹത്തിനും കേരള കത്തോലിക്കാ ബിഷപ് സമിതി ദുഃഖവും അനുശോചനവും അറിയിച്ചു.

ക്രൈസ്തവമിഷണറിമാരുടെ ജീവന് സംരക്ഷണം നൽകുവാൻ സംസ്ഥാനസർക്കാരുകൾ തയാറാവണമെന്നും സമൂഹത്തിന്റെ ഉന്നമനത്തിനായി പ്രവർത്തിക്കുന്നവരെ ഇല്ലാതാക്കുവാൻ ശ്രമിക്കുന്ന ശക്തികൾക്കെതിരേ ഭാരതജനത ഒറ്റക്കെട്ടായി മുന്നോട്ടുവരണമെന്നും കെ.സി.ബി.സി പ്രസിഡന്റ് ആർച്ചുബിഷപ്പ് ഡോ. ഡാനിയേൽ അച്ചാരുപറമ്പിൽ, വൈസ് പ്രസിഡന്റ് ബിഷപ്പ് ഡോ.ജോഷ്വാ മാർ ഇഗ്നാത്തിയോസ്, സെക്രട്ടറി ആർച്ചുബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് എന്നിവർ സംയുക്തമായി പുറപ്പെടുവിച്ച പ്രസ്താവനയിൽ ആഹ്വാനം ചെയ്തു.

## 02. മിഷണറിമാരുടെ ജീവന് സംരക്ഷണം നൽകണം : ഐക്യ-ജാഗ്രതാ കമ്മീഷൻ

ആന്ധ്രാപ്രദേശിൽ മലയാളി വൈദീകനായ ഫാ. തോമസ് പാണ്ടിപ്പിള്ളി ദാരുണമായി കൊല ചെയ്യപ്പെട്ട സംഭവത്തിൽ കെ.സി.ബി.സി ഐക്യ-ജാഗ്രതാ കമ്മീഷൻ ദുഃഖവും ശക്തമായ പ്രതിഷേധവും രേഖപ്പെടുത്തി.

ഫാ. തോമസിന്റെ കൊലയാളികളെ ഉടൻ അറസ്റ്റു ചെയ്യണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടു. ക്രൈസ്തവ മിഷണറിമാർക്കെതിരെ തുടർച്ചയായി നടക്കുന്ന അക്രമങ്ങളിൽ കെ.സി.ബി.സി ഐക്യ-ജാഗ്രതാ കമ്മീഷൻ ആശങ്കയും ഉൽകണ്ഠയും രേഖപ്പെടുത്തി. ഭാരതത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിസ്വാർത്ഥ സേവനം ചെയ്യുന്ന ക്രൈസ്തവ മിഷണറിമാരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകണം. പട്ടിണി പാവങ്ങളുടെ സമഗ്ര ഉന്നമനത്തിനായി അക്ഷീണം പ്രയത്നിക്കുന്ന മിഷണറിമാരെ ആക്രമിക്കുകയും കൊല്ലുകയും ചെയ്യുന്നത് ചരിത്രം പൊറുക്കില്ല. മതമൈത്രിക്കും സാഹോദര്യത്തിനും ആഗോളതലത്തിൽ പേരുകേട്ട ഭാരതത്തിന് ഫാ. തോമസിന്റെ മരണം തീരാകളങ്കമാണ്. മിഷണറിമാരെ ആക്രമിക്കുകയും ഇല്ലാതാക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന സംഘടിത ശക്തികൾക്കെതിരെ എല്ലാവരും മുന്നിട്ടിറങ്ങണമെന്ന് ഐക്യ-ജാഗ്രതാ കമ്മീഷൻ ആഹ്വാനം ചെയ്തു.

കെ.സി.ബി.സി ഐക്യ-ജാഗ്രതാ കമ്മീഷന്റെ നേതൃത്വത്തിൽ പി.ഒ.സിയിൽ ചേർന്ന അനുശോചനയോഗത്തിൽ പി.ഒ.സി അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജോർജ്ജ് കുരുക്കൂർ അദ്ധ്യക്ഷത വഹിച്ചു. കമ്മീഷൻ സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ, സിസ്റ്റർ ഷിജി, മിസ്റ്റർ തോമസ് എന്നിവർ പ്രസംഗിച്ചു.

## 03. സഭയെ കരിതേയ്ക്കാൻ രാഷ്ട്രീയ ഗൂഢാലോചന സജീവം: കൊല്ലം രൂപത

പോർട്ടുകൊല്ലം സെന്റ് മേരീസ് കോൺവന്റിലെ സിസ്റ്റർ അനൂപ മേരിയുടെ മരണവുമായി ബന്ധപ്പെട്ട് സഭയെ കരിതേയ്ക്കാൻ രാഷ്ട്രീയ ഇടപെടലുകളും ഗൂഢാലോചനയും ശക്തമാകുന്നതായി കൊല്ലം രൂപത. സിസ്റ്ററിന്റെ മരണശേഷം പോസ്റ്റ്മോർട്ടത്തിനും തുടർന്ന് സംസ്കാരചടങ്ങുകളിലും രാഷ്ട്രീയ നേതാക്കളുടെ സാന്നിധ്യം പ്രകടമായിരുന്നു. പോസ്റ്റ്മോർട്ടം നടന്ന തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയിൽ സി.പി.എമ്മിന്റെ പ്രമുഖ നേതാക്കൾ സന്നിഹിതരായിരുന്നു.സിസ്റ്റർ മരിച്ച ദിവസം പിതാവ് പാപ്പച്ചനെ സെന്റ് മേരീസ് കോൺവന്റിൽ വരുത്തിയിരുന്നു. അന്ന് ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ പറയാത്ത പല പരാതികളും തൊട്ടടുത്ത ദിവസം ടെലിവിഷൻ ചാനലുകളോടു പറഞ്ഞതിലും രാഷ്ട്രീയ സമ്മർദം ഉണ്ടായിരുന്നതായി രൂപത ആരോപിച്ചു. സഭയുടെ ചിട്ടകളിലും നിയമങ്ങളിലും വീഴ്ച വരുത്തുമ്പോൾ തിരുത്തലുകൾ നൽകുക പതിവാണെന്നും അവയെ മറ്റൊരു തരത്തിൽ വ്യാഖ്യാനിക്കുന്ന ശരിയല്ലെന്നും രൂപതാ പി.ആർ.ഒ ഫാ.ജോർജ് റിബേറോ ചൂണ്ടിക്കാണിച്ചു. ക്രൈംബ്രാഞ്ച് അന്വേഷണത്തിന് ഉത്തരവിട്ട സർക്കാർ നടപടിയെ സ്വാഗതം ചെയ്യുന്നതായും അദ്ദേഹം പറഞ്ഞു. സംഭവത്തെക്കുറിച്ച് അന്വേഷിക്കാൻ രൂപത നിയോഗിച്ച വികാരി ജനറാൾ മോൺ. പോൾ മുല്ലശേരിയുടെ നേതൃത്വത്തിലുള്ള അന്വേഷണ സംഘം 45 ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കും സ്ഥലം എംഎൽഎ കൂടിയായ മന്ത്രി എം.എ ബേബി, സി.പി.എം ലോക്കൽ കമ്മിറ്റി സെക്രട്ടറി ശിവപ്രസാദ് എന്നിവർക്കൊപ്പമാണ് പിതാവ് പാപ്പച്ചനും സഹോദരനും ആഭ്യന്തര മന്ത്രിക്കും മുഖ്യമന്ത്രിക്കും നിവേദനം സമർപ്പിച്ചത്.ചൊവ്വാഴ്ച രാത്രി മന്ത്രി എം.എ ബേബി അനൂപയുടെ വീട്ടിൽ സന്ദർശനം നടത്തിയിരുന്നു. വനിതാ കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റീസ് ഡി.ശ്രീദേവിയും ഇന്നലെ അനൂപയുടെ വീട്ടിലെത്തി.

## 04.സിസ്റ്റർ അനൂപയുടെ മരണത്തിൽ അധികാരകേന്ദ്രങ്ങൾ അമിതാവേശം കാണിക്കുന്നു : ഐക്യ-ജാഗ്രതാ കമ്മീഷൻ

സിസ്റ്റർ അനൂപയുടെ മരണത്തിൽ അധികാരകേന്ദ്രങ്ങൾ അമിതാവേശം കാണിക്കുന്നുവെന്ന് കെ.സി.ബി.സി ഐക്യ-ജാഗ്രതാ കമ്മീഷൻ സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ ആരോപിച്ചു. സംസ്ഥാന സർക്കാരിന്റെയും വനിതാ കമ്മീഷന്റെയും അമിതാവേശവും ഇടപെടലുകളും കാണുമ്പോൾ അവർക്ക് യഥാർത്ഥത്തിൽ മരിച്ച വ്യക്തിയോടോ അവരുടെ കുടുംബത്തോടോ ഉള്ള സ്നേഹമോ അനുകമ്പയോ കൊണ്ടല്ല, മറിച്ച് വിലകുറഞ്ഞ രാഷ്ട്രീയ മുതലെടുപ്പിനു വേണ്ടിയാണെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. കത്തോലിക്കാ സഭയെ കുറച്ച് നാളുകളായി മുറിപ്പെടുത്തുവാനും കരിതേച്ചുകാണിക്കുവാനും ശ്രമിച്ചുകൊണ്ടിരിക്കുന്ന ചില രാഷ്ട്രീയ സംഘടനകളാണ് ഇതിനു പിന്നിലുള്ളത്. സിസ്റ്റർ അനൂപയുടെ മരണത്തിനു ശേഷമുള്ള രാഷ്ട്രീയ നേതാക്കളുടെ അമിതമായ സാന്നിധ്യവും വനിതാ കമ്മീഷന്റെ പ്രസ്താവനകളും ഭവനസന്ദർശനങ്ങളുമൊക്കെ ഈ സത്യത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്.

എന്നാൽ ഇത്തരക്കാരുടെ ശ്രമം യഥാർത്ഥ സഭാ സ്നേഹികൾക്ക് മനസ്സിലാക്കുവാൻ വിഷമമില്ല. സിസ്റ്റർ അനൂപയുടെ കുടുംബത്തിന് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച സാമ്പത്തിക സഹായവും ക്രൈംബ്രാഞ്ച് അന്വേഷണവും കെ.സി.ബി.സി ഐക്യ-ജാഗ്രതാ കമ്മീഷൻ സ്വാഗതം ചെയ്യുന്നു. എന്നാൽ കേരളത്തിൽ അനുദിനമുണ്ടാകുന്ന ആത്മഹത്യ ചെയ്ത വ്യക്തികളുടെ കുടുംബങ്ങൾക്കും ഇത്തരത്തിലുള്ള സാമ്പത്തിക സഹായം ചെയ്യുവാനോ അവരുടെ ഭവനം സന്ദർശിക്കുവാനോ എന്തുകൊണ്ടാണ് സംസ്ഥാന സർക്കാരും വനിതാ കമ്മീഷനും തൽപര്യം കാണിക്കാത്തത് - ഐക്യ-ജാഗ്രതാ കമ്മീഷൻ സെക്രട്ടറി ചോദിച്ചു.

സത്യസന്ധമായ എതൊരന്വേഷണത്തെയും പൂർണ്ണമായും സ്വാഗതം ചെയ്യുന്നുവെന്ന് കൊല്ലം രൂപതയും സിസ്റ്റർ അനൂപ അംഗമായിരുന്ന സന്യാസിനി സമൂഹവും വ്യക്തമാക്കിയിട്ടുള്ളതാണ്. സഭയ്ക്ക് യാതൊന്നും ഒളിച്ചുവെയ്ക്കുവാനില്ല. ഏതൊരന്വേഷണത്തെയും തുറന്ന മനസ്സോടെ സഭ സ്വീകരിക്കും. അതുകൊണ്ട് തന്നെയാണ് സി.ബി.ഐ അന്വേഷണത്തിന് രൂപത തന്നെ ആവശ്യപ്പെട്ടത്. സിസ്റ്റർ അനൂപയുടെ പിതാവ് മാധ്യമങ്ങൾക്ക് നൽകുന്ന പ്രസ്താവനകൾ പരിശോധിച്ചാൽ അദ്ദേഹത്തിനു മേൽ ചില രാഷ്ട്രീയസമ്മർദ്ദമില്ലേയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. കത്തോലിക്കാ സഭയെ സമൂഹമദ്ധ്യേ കരിതേച്ചുകാണിക്കുവാൻ പരിശ്രമിക്കുന്ന ചില അധികാര കേന്ദ്രങ്ങളും മാധ്യമങ്ങളും അതിൽനിന്ന് പിൻതിരിയണമെന്ന് കെ.സി.ബി.സി ഐക്യ-ജാഗ്രതാ കമ്മീഷൻ സെക്രട്ടറി ആവശ്യപ്പെട്ടു.

## 05. ആരോപണങ്ങൾ അടിസ്ഥാനരഹിതം: സിസ്റ്റർ സുപ്പീരിയർ

സിസ്റ്റർ അനൂപ മേരി യാതൊരു തരത്തിലുമുള്ള മാനസികമോ ലൈംഗികമോ ആയ പീഡനങ്ങൾക്കും ഇരയായിട്ടില്ലെന്നും സന്യാസ കോൺവന്റുകളിൽ അങ്ങനെയൊരു ചരിത്രം ഉണ്ടായിട്ടില്ലെന്നും പോർട്ടുകൊല്ലം സെന്റ് മേരീസ് കോൺവന്റ് സിസ്റ്റർ സുപ്പീരിയർ പത്രക്കുറിപ്പിൽ അറിയിച്ചു.സഭയുടെ ചിട്ടകളും നിയമങ്ങളും പാലിക്കപ്പെടാതിരുന്നപ്പോൾ തിരുത്തലുകളും ഉപദേശങ്ങളും നൽകിയിട്ടുണ്ട്. ചിട്ടയായ ജീവിതത്തിനു വേണ്ട മാർഗനിർദേശങ്ങൾ കോൺവന്റിൽ സ്ഥിരമായി നൽകാറുള്ളതുമാണ്.ഒരു ദിവസത്തേക്ക് അനുവാദം വാങ്ങി ജൂലൈ 31-ന് വീട്ടിൽ പോയ സിസ്റ്റർ അനൂപ ഓഗസ്റ്റ് നാലിനാണ് കോൺവന്റിൽ തിരികെ എത്തിയത്. സഹോദരൻ ഗൾഫിൽ പോകുന്നതുമായി ബന്ധപ്പെട്ടാണ് അനൂപ അന്ന് വീട്ടിൽ പോയത്. ഏതെങ്കിലും വിധത്തിലുള്ള പീഡനത്തിന്റെ അനുഭവമുണ്ടായിരുന്നെങ്കിൽ ആ വിവരം മേലധികാരികളെ അറിയിക്കാനുള്ള സ്വാതന്ത്ര്യം എല്ലാവർക്കും നൽകിയിട്ടുണ്ട്.

സിസ്റ്റർ അനൂപയെ പീഡിപ്പിച്ചുവെന്ന് ആരോപിക്കുന്നതായി പത്രങ്ങളിൽ വന്ന വാർത്ത എഴുപത്തിരണ്ടുകാരിയായ സിസ്റ്ററിനെക്കുറിച്ചാണ്. കഴിഞ്ഞ 48 വർഷമായി സന്ന്യാസ സമൂഹത്തിൽ വിശുദ്ധ ജീവിതം നയിക്കുന്ന ഈ സിസ്റ്ററിനെക്കുറിച്ച് ഇത്രയും കാലം ഇപ്രകാരം ആരോപണമൊന്നും ഉണ്ടായിട്ടില്ല. ആരോപണങ്ങൾ സ്ത്രീകളെന്ന നിലയ്ക്ക് ഞങ്ങൾക്കും ആഴമായി മുറിവുണ്ടാക്കുന്നവയാണ്. ഞങ്ങളും മാനുഷികാവകാശങ്ങൾ ഉള്ളവരാണ്. സംസ്ഥാന വനിതാ കമ്മീഷൻ അംഗങ്ങളുടെ നിരീക്ഷണങ്ങൾ ഏകപക്ഷീയമാണ്. ദുരുദ്ദേശപരമായി ക്രിസ്തുമതത്തെയും സന്ന്യാസീവിഭാഗത്തെയും ഇത്തരം ആരോപണങ്ങൾ ഏറെ മുറിപ്പെടുത്തുന്നു. മാധ്യമങ്ങളിൽ വരുന്ന റിപ്പോർട്ടുകൾ ഏകപക്ഷീയമായി സന്ന്യാസിസമൂഹത്തെ ഒന്നടങ്കം ആക്ഷേപിക്കുന്നതിന് തുല്യമാണ്. വസ്തുതാപരമായി കാര്യങ്ങൾ അവതരിപ്പിക്കുന്നതിൽ നിഷ്പക്ഷത ഉണ്ടാകണമെന്നും സിസ്റ്റർ സുപ്പീരിയർ പത്രക്കുറിപ്പിൽ അഭ്യർഥിച്ചു. സിസ്റ്റർ അനൂപയുടെ കുടുംബാംഗങ്ങളോട് അനുശോചനം അറിയിച്ചതോടൊപ്പം ഗവൺമെന്റുതലത്തിലുള്ള ഏതൊരു അന്വേഷണത്തോടും പൂർണമായും സഹകരിക്കുമെന്നും സിസ്റ്റർ സുപ്പീരിയർ ഉറപ്പു നൽകി.

## 06. കെ.സി.ബി.സി യോഗതീരുമാനങ്ങൾ 08.08.2008

കേരള കത്തോലിക്ക മെത്രാൻ സമിതിയുടെ സമ്മേളനം മൗണ്ട് സെന്റ് തോമസിൽ വച്ച് 08.08.2008 ഉച്ചയ്ക്ക് 2 മുതൽ വൈകിട്ട് 7 വരെ നടന്നു. കേരള കത്തോലിക്ക സഭയിലെ 29 രൂപതകളിൽ നിന്നായി 32 മെത്രാൻമാർ യോഗത്തിൽ പങ്കെടുത്തു. തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ അധ്യക്ഷൻ ആർച്ചുബിഷപ്പ് സൂസൈ പാക്യം, കോട്ടയം അതിരൂപതാ മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട് എന്നിവർ യോഗത്തിൽ പങ്കെടുത്തില്ല.

**1. പാഠപുസ്തകസമരം തുടരും**

ഏഴാം ക്ലാസിലെ സാമൂഹ്യശാസ്ത്രപാഠപുസ്തകം പിൻവലിക്കുന്നതുവരെ സമരപരിപാടികൾ കത്തോലിക്ക സഭയിലെ 29 രൂപതകളുടെയും വിവിധ അല്മായ പ്രസ്ഥാനങ്ങളുടെയും നേതൃത്വത്തിൽ തുടരാൻ തീരുമാനിച്ചു. തത്വങ്ങളും മൂല്യങ്ങളും ഒരിക്കലും വിട്ടുവീഴ്ചചെയ്യാൻ സാധ്യമല്ല. ലക്ഷ്യം നേടുന്നതുവരെ സമാധാനത്തി ന്റെയും പ്രാർത്ഥനയുടെയും മാർഗത്തിലൂടെ സമരപരിപാടികൾ തുടരുകയും സജീവമായി നിലനിറുത്തുകയും ചെയ്യും.

**2. ഏഴാം ക്ലാസ്സിലെ സാമൂഹ്യശാസ്ത്രപാഠപുസ്തകത്തിന് വർക്ക് ബുക്ക്**

വിവാദമായ ഏഴാം ക്ലാസ്സിലെ സാമൂഹ്യശാസ്ത്രപാഠപുസ്തകം ഒന്നാം ഭാഗത്തിന് കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ വിദ്യാഭ്യാസവകുപ്പ് തയ്യാറാക്കിയ വർക്ക് ബുക്ക് കേരളത്തിലെ എല്ലാ കത്തോലിക്കാ വിദ്യാലയങ്ങളിലും പഠിപ്പിക്കും. ഏഴാം ക്ലാസ്സിലെ പാഠപുസ്തകം പഠിപ്പിക്കുമ്പോൾ ദൈവവിശ്വാസത്തിൽ വളരേണ്ട ആവശ്യകതയെക്കുറിച്ചും നിരീശ്വരവാദപ്രത്യയശാസ്ത്രങ്ങൾ ലോകത്തിൽ ഉണ്ടാക്കിയ തിന്മകളെക്കുറിച്ചും കുട്ടികളെ പഠിപ്പിക്കുന്നതിനുവേണ്ടി ഏഴാം ക്ലാസ്സിലെ സാമൂഹികശാസ്ത്രം പഠിപ്പിക്കുന്ന അധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകും. ഈ വർഷം വിദ്യാഭ്യാസവകുപ്പ് പരിഷ്കരിച്ച് പുറത്തിറക്കിയ എല്ലാ പാഠപുസ്തക ങ്ങൾക്കും വർക്ക് ബുക്ക് തയ്യാറാക്കുന്നതിനെക്കുറിച്ച് കെ.സി.ബി.സി. വിദ്യാഭ്യാസ കമ്മീഷൻ പഠനം നടത്തും.

**3. ദൈവവിശ്വാസത്തെക്കുറിച്ച് സൺഡേസ്ക്കൂളിൽ പാഠപുസ്തകങ്ങൾ**

നിരീശ്വരവാദത്തിന്റെയും ഭൗതിക നിരീശ്വരവാദപ്രത്യയശാസ്ത്രത്തിന്റെയും അപകടങ്ങളെക്കുറിച്ച് വ്യക്തമാക്കുന്നതിനും ദൈവവിശ്വാസത്തിൽ വളരേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് കുട്ടികളെ പഠിപ്പിക്കുന്ന രണ്ട് ഉപപാഠപുസ്തകങ്ങൾ കെ.സി.ബി.സി. യുടെ വിദ്യാഭ്യാസകമ്മീഷൻ തയ്യാറാക്കി ഈ അധ്യയനവർഷം തന്നെ സൺഡേസ്കൂൾ വിദ്യാർത്ഥികളെ പഠിപ്പിക്കാൻ ഉദ്ദേശിക്കുന്നു. യു.പി. വിഭാഗത്തിനും ഹൈസ്കൂൾ പ്ലസ്ടു വിഭാഗത്തിനുമായാണ് രണ്ടു ഉപപാഠപുസ്തകങ്ങൾ തയ്യാറാക്കാൻ കെ.സി.ബി.സി. വിദ്യാഭ്യാസകമ്മീഷൻ പദ്ധതികൾ രൂപീകരിച്ചിരിക്കുന്നത്.

**4. 2008 ആഗസ്റ്റ് 15 വിശ്വാസ സംരക്ഷണദിനം**

പാഠപുസ്തകസമരം തുടരുന്നതിന്റെ ഭാഗമായി ആഗസ്റ്റ് 15 വിശ്വാസ സംരക്ഷണദിനമായി ആചരിക്കും. അന്നേദിവസം കെ.സി.ബി.സി. ആഹ്വാനമനുസരിച്ച് എല്ലാ ദൈവാലയങ്ങളിലും കത്തോലിക്കാ സ്ഥാപനങ്ങളിലും ദേശീയപതാക ഉയർത്തുകയും ഭാരതത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും വിശ്വാസസ്വാതന്ത്ര്യത്തിനും വേണ്ടി പ്രതിജ്ഞയെടുക്കും. ആഗസ്റ്റ് 14-ാം തീയതി വൈകുന്നേരം യുവജനസംഘടനകളുടെ ആഭിമുഖ്യത്തിൽ പ്രതിഷേധക സൂചകമായി തിരികൾ കത്തിച്ച് പ്രാർത്ഥന പ്രദിക്ഷണം നടത്തും.

**5. ദൈവാലയങ്ങളിലും ഭവനങ്ങളിലും പ്രത്യേക പ്രാർത്ഥന**

കേരളത്തിലെ ജനസമൂഹം ദൈവവിശ്വാസത്തിൽ വളരുന്നതിനും നിരീശ്വരവാദത്തിന്റെ തിന്മകളിൽ അകപ്പെടാതെ ധാർമ്മികമൂല്യാധിഷ്ഠിതജീവിതം നയിക്കുന്നതിനുംവേണ്ടി എല്ലാ ഞായറാഴ്ചകളിലും ദിവ്യബലി മദ്ധ്യേ ദൈവാലയങ്ങളിലും ഈ നിയോഗത്തിനുവേണ്ടി ക്രൈസ്തവഭവനങ്ങളിൽ എല്ലാ ദിവസവും കുടുംബപ്രാർത്ഥന മദ്ധ്യേ പ്രത്യേക പ്രാർത്ഥന നടത്തും. സഭയുടെ പ്രവർത്തനങ്ങളിൽ പ്രാർത്ഥനയുടെ ശക്തിക്ക് പ്രാധാന്യമുള്ളതുകൊണ്ട് പ്രാർത്ഥനയിലൂടെ തിന്മകൾക്കെതിരേ പോരാടാൻ കേരള കത്തോലിക്കാ മെത്രാൻ സമിതി തീരുമാനിച്ചത്.

**6. ലത്തീൻ കത്തോലിക്കരുടെ സംവരണം പുനഃസ്ഥാപിക്കണം**

സർക്കാർ ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിലെ ഡിഗ്രി, പി.ജി. കോഴ്സുകൾക്ക് ലത്തീൻ കത്തോലിക്കർക്കുണ്ടായിരുന്ന രണ്ടു ശതമാനം സംവരണം പകുതിയായി വെട്ടിക്കുറച്ച സംസ്ഥാന സർക്കാർ തീരുമാനത്തെ കേരള കത്തോലിക്ക മെത്രാൻ സമിതി അപലപിച്ചു. വിദ്യാഭ്യാസമേഖലയിൽ സാമൂഹ്യസമത്വം നേടാൻ കഴിയാത്ത ലത്തീൻ സമുദായത്തിന് കത്തോലിക്കസഭയുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 4 ശതമാനം സംവരണമാണ് നൽകുന്നത്. ലത്തീൻ കത്തോലിക്കരുടെ സംവരണം വെട്ടിക്കുറച്ച സർക്കാർ ഉത്തരവ് ഭരണഘടന വിരുദ്ധമാണ്. ലത്തീൻ കത്തോലിക്കരെപോലുള്ള പിന്നാക്ക സമുദായങ്ങളുടെ സംവരണങ്ങൾ പുന:സ്ഥാപിക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെടാൻ കേരള കത്തോലിക്ക മെത്രാൻ സമിതി തീരുമാനിച്ചു.

**7. മാർ ജോർജ്ജ് പുന്നക്കോട്ടിൽ കെ.സി.ബി.സി ബൈബിൾ കമ്മീഷൻ ചെയർമാൻ**

കേരള കത്തോലിക്ക മെത്രാൻ സമിതിയുടെ ബൈബിൾ കമ്മീഷന്റെ ചെയർമാനായി കോതമംഗലം രൂപതാ അധ്യക്ഷനും ബൈബിൾ പണ്ഡിതനുമായ മാർ ജോർജ്ജ് പുന്നക്കോട്ടിലിനെ കെ.സി.ബി.സി. നിയോഗിച്ചു. ഇതിനു മുമ്പ് 27 വർഷക്കാലം ബിഷപ്പ് ജോർജ്ജ് പുന്നക്കോട്ടിൽ കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ ചെയർമാനായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. കെ.സി.ബി.സി. ബൈബിൾ ചെയർമാനായ തിരുവനന്തപുരം ലത്തീൻ അതിരൂപത മെത്രാപ്പോലീത്ത ഡോ. സൂസൈപാക്യം അനാരോഗ്യം മൂലം വിരമിച്ചതിനാലാണ് പുതിയ നിയമനം.

**8. അൽഫോൻസാമ്മയെക്കുറിച്ച് ഇടയലേഖനം**

2008 ഒക്ടോബർ 12-ന് അൽഫോൻസാമ്മയെ വിശുദ്ധയായി പ്രഖ്യാപിക്കുന്നതിനോടനുബന്ധിച്ച് കേരള കത്തോലിക്കാ മെത്രാൻ സമിതി പുറപ്പെടുവിക്കുന്ന പൊതുഇടയലേഖനം 2008 ഒക്ടോബർ 5-ന് കേരളത്തിലെ കത്തോലിക്കാ ദൈവാലയങ്ങളിൽ വായിക്കും. അൽഫോൻസാമ്മയെ വിശുദ്ധയായി റോമിൽ ബെനഡിക്ട് പതിനാറാമൻ മാർപാപ്പാ പ്രഖ്യാപിക്കുന്ന സമയത്ത് (2008 ഒക്ടോബർ 12 ഉച്ചയ്ക്ക് 1.30-ന്) കേരളത്തിലെ ദൈവാലയങ്ങളിൽ ആഹ്ലാദസൂചകമായി പള്ളിമണികൾ മുഴങ്ങും.

**9. മറ്റ് തീരുമാനങ്ങൾ**

കെ.സി.ബി.സി. വനിതാ കമ്മീഷൻ തയ്യാറാക്കിയ വനിതാനയ (Gender Polcy) ത്തിന്റെ കരട് രേഖ, കെ.സി.ബി.സി. ദളിത് കമ്മീഷൻ തയ്യാറാക്കിയ ദളിത് നയത്തിന്റെ കരട് രേഖ എന്നിവയും മെത്രാന്മാർ ചർച്ച ചെയ്തു.